Mathrubbhumi 20-11-18, P-11

# മണ്ണിടിച്ചിൽ മേഖലയിലെ കൃഷിയെക്കുറിച്ച് പഠനം വേണം - മന്ത്രി സുനിൽകുമാർ

തൃശ്ശൂർ▸ മണ്ണിടിച്ചിലുണ്ടായ മേഖലയിൽ തുടർന്നുള്ള കൃഷിരീതിയെക്കുറിച്ച് ആഴത്തിലുള്ള പഠനം ആവശ്യമാണെന്ന് കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു. വെള്ളാനിക്കര ഫോറസ്ട്രി കോളേജിൽ നടന്ന 'പ്രളയശേഷമുള്ള കാർഷികമേഖലയുടെ പുനരുജ്ജീവനം:' ശില്പശാലയിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിന്റെ കാർഷികമേഖലയെ പുനരുദ്ധരിക്കാനുള്ള കർമപദ്ധതികൾ നിർദേശിക്കുകയായിരുന്നു ശില്പശാലയുടെ പ്രധാന ലക്ഷ്യം.

വയനാട്, ഇടുക്കി പോലുള്ള സ്ഥലങ്ങളിൽ മണ്ണിടിച്ചിലിനെത്തുടർന്ന് വ്യാപകമായി മേൽമണ്ണ് ഒലിച്ചുപോയിട്ടുണ്ട്.

ഇവിടത്തെ കൃഷി ഇനി എങ്ങനെ വേണമെന്ന് യാതൊരു രൂപവും ആയിട്ടില്ല. നവകേരള നിർമാണത്തിൽ ഏറ്റവും പ്രാധാന്യം നൽകേണ്ടത് കാർഷികമേഖലയ്ക്കാണ്. ജീവനോപാധി എന്നതിലപ്പുറം ആവാസവ്യവസ്ഥയുടെ ഭാഗമായി കൃഷിയെ കാണാൻ കഴിയണം.

കർഷകർക്ക് ആത്മവിശ്വാസം തിരിച്ചുനൽകാൻ കഴിയുന്ന പ്രവർത്തനങ്ങളാണുണ്ടാവേണ്ടതെന്ന് മന്ത്രി പറഞ്ഞു.

വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ് പലയിടത്തും വികസനം അഭിമുഖീകരിക്കുന്ന പ്രശ്നമെന്ന് ആസൂത്രണബോർഡംഗം ഡോ.ആർ. രാംകുമാർ പറഞ്ഞു. ഇതു പരിഹരിക്കാനുള്ള ശ്രമങ്ങളിലാണ് ആസൂത്രണബോർഡെന്നും അദ്ദേഹം പറഞ്ഞു.

തമിഴ്നാട് സർവകലാശാലാ ശാസ്ത്രജ്ഞരായ ഡോ. ബാലസുബ്രഹ്മണ്യൻ, ഡോ. പഴനിവേൽ, നബാർഡ് അസിസ്റ്റന്റ് ജനറൽ മാനേജർ ദീപാ ആർ. പിള്ള, കെ.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. ശ്യാം വിശ്വനാഥ്, വെറ്ററിനറി സർവകലാശാലാ ഗവേഷണ ഡയറക്ടർ ഡോ.എം.കെ. നാരായണൻ, ഫിഷറീസ് സർവകലാശാലാ ഗവേഷണ ഡയറക്ടർ ഡോ.ടി.വി. ശങ്കർ, കേരള കാർഷികസർവകലാശാലാ ഗവേഷണ ഡയറക്ടർ ഡോ.പി. ഇന്ദിരാദേവി, വിജ്ഞാന വ്യാപന ഡയറക്ടർ ഡോ. ജിജു പി. അലക്സ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

കാർഷിക ധനതത്ത്വശാസ്ത്രത്തിലെ മികവിന് ദേശീയ അംഗീകാരം നേടിയ ഡോ.പി. ഇന്ദിരാദേവിയെ ശില്പശാല ആദരിച്ചു. കാർഷികസർവകലാശാലാ ഭരണസമിതിയംഗങ്ങളായ കെ. രാജൻ എം.എൽ.എ., ഡോ.ടി. പ്രദീപ്കുമാർ എന്നിവരും പങ്കെടുത്തു.



▶ വെള്ളാനിക്കര ഫോറസ്ട്രി കോളേജിൽ നടന്ന 'പ്രളയശേഷമുള്ള കാർഷികമേഖലയുടെ പുനരുജ്ജീവനം' സംബന്ധിച്ച ശില്പശാലയിൽ സംസാരിക്കാനെത്തിയ കൃഷിമന്ത്രി വി.എസ്. സുനിൽകുമാറിന് പ്രസംഗം തുടങ്ങുന്നതിനുമുമ്പ് ബൊക്കെ നൽകുന്ന കാർഷികസർവകലാശാലാ വൈസ് ചാൻസലർ ഡോ.ആർ. ചന്ദ്രബാബു